ചന്ദ്രിക.
1986. സെപ്തംബർ- 25
വെള്ളി

## എടക്കൽ ഗുഹ സംരക്ഷണത്തിനു സെമിനാർ

കൽപ്പറ്റ: നവീന ശിലായുഗ കാലത്ത് രേഖപ്പെടുത്തിയതെന്ന് കരുതപ്പെടുന്ന എടക്കൽ ഗുഹയിലെ അപൂർവ സുന്ദരമായ ചിത്രങ്ങൾ കണ്ടെത്തിയിട്ട് ഒരു നൂററാണ്ട് തികയാറായി. പക്ഷേ, നമ്മുടെ പുരാവസ്തു വകുപ്പ് ഇതേറെറടുത്തത് രണ്ട് വർഷം മുൻപ് മാത്രമാണ്. പ്രാചീന ലോക കലയുടേതായി ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ള മൂന്നു കേന്ദ്രങ്ങളിൽ ഒന്നാണ് എടക്കൽ ഗുഹ!

ലോക പ്രശസ്തമായ ഈ ചരിത്രസ്മാരകം ഇന്ന് അനാഥമായി കിടക്കുകയാണ്. പുരാവസ്തു വകുപ്പിൻെറയും സർക്കാരിൻെറയും ക്രൂരമായ അവഗണന മൂലം എടക്കൽ ഗുഹ നശിച്ചുകൊണ്ടിരിക്കുന്നു. ചുവരുകളും കുത്തിയടർത്തിയും ചിത്രങ്ങളിൽ ഉളി കൊണ്ട് കീറിയും മദ്യക്കുപ്പികൾ തല്ലിത്തകർത്തും ഗുഹയാകെ വികൃതപ്പെടുത്തിയിരിക്കുന്നു. ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലനിരകളും ഭീഷണിയിലാണ്. മലഞ്ചെരുവിൽ അനധികൃതമായി നാലഞ്ച് കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. പാറ പൊട്ടിക്കുന്നത് അധികൃതർ കണ്ടില്ലെന്ന് നടിക്കുന്നു.

എടക്കൽ ഗുഹയെ സംരക്ഷിക്കാൻ വയനാട്ടിലെ പ്രകൃതിസ്നേഹികൾ മുന്നോട്ടു വന്നിരിക്കുകയാണിപ്പോൾ. സപ്തംബർ 28ന് ഞായറാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് കൽപ്പററയിൽ എടക്കൽ സെമിനാർ സംഘടിപ്പിക്കുന്നു. പ്രസിദ്ധ ചരിത്ര ഗവേഷകരായ ഡോ. എം. ജി. എസ്. നാരായണൻ, ഡോ. രാജൻ ഗുരുക്കൾ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. എം. ആർ. രാഘവവാര്യർ, എം. ഗംഗാധരൻ എന്നിവർ സെമിനാറിൽ പങ്കെടുക്കും. പി. കെ. ഉത്തമൻെറ എടക്കൽ സ്ലൈഡുകളും പ്രദർശിപ്പിക്കുന്നുണ്ട്.

## കലക്ടർ എടക്കൽ ഗുഹ സന്ദർശിച്ചു

കല്പററ: നിയമസഭാ എസ്റ്റിമേററ് കമ്മിററിയുടെ നിർദ്ദേശമനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കലക്ടർ ടി. രവീന്ദ്രൻതമ്പി, എടക്കൽ ഗുഹ സന്ദർശിച്ചു. അമ്പുകുത്തി മലയുടെ മുകളിലെ ജി. ടി. സ്റ്റേഷനും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഗുഹയുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് കലക്ടർ ഉടൻ റിപ്പോർട്ട് നൽകുന്നതാണ്.

മാനന്തവാടി പഴശ്ശിസ്മാരക ഗ്രന്ഥാലയത്തിലെ ചർച്ചാവേദിയുടെ
ആഭിമുഖ്യത്തിൽ പുസ്തകചർച്ച നടത്തി. മാതൃഭൂമി ബുക്സ്
പ്രസിദ്ധീകരിച്ച ബാലൻ വേങ്ങരയുടെ 'നദികളും കാൻ-
ക്ഷണിക്കുന്നു' എന്ന നോവൽ എഴുത്തുകാരനായ അനിൽ-
കുറ്റിച്ചിറ അവതരിപ്പിച്ചു. വയനാട്ടിലെ ആദിവാസിജീവിത-
ത്തിന്റെ സങ്കീർണമായ പ്രശ്നങ്ങൾ മലയാളനോവലിൽ
ഇത്രത്തോളം സമഗ്രമായും യഥാതഥമായും ഇതിനുമുൻപ്
ആവിഷ്കരിക്കപ്പെട്ടിട്ടില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.
ചർച്ചയിൽ എം. ഗംഗാധരൻ, ഷാജി പുൽപ്പള്ളി,
ഡോ. കെ. എസ്. പ്രേമൻ, ഉഷടീച്ചർ, ജിതേന്ദ്രകുമാർ,
അനിൽകുമാർ, തുടങ്ങിയവർ പങ്കെടുത്തു. ബാലൻ വേങ്ങര, നോവലിന്റെ രചനയ്ക്കു പിന്നിലെ
അനുഭവങ്ങൾ പങ്കുവെച്ചു.